കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

01
നവംബർ
2019

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## എല്ലാ മൃഗങ്ങൾക്കും ഇനി ഒരു ഭാഷയാക്കണം

**വെള്ളരിക്കാ ജംഗൾ:** പങ്കിലക്കാട്ടിലിനി എല്ലാ മൃഗങ്ങളും ഒരേ ഭാഷ സംസാരിച്ചാൽ മതിയെന്നും അതാണ് കാടിന്റെ നൻമക്ക് നല്ലതെന്നും പ്രധാനമങ്കി മോങ്ങൻ. പശുവിന്റെ സംസാര ഭാഷയാണ് എല്ലാ മൃഗങ്ങളും സ്വീകരിക്കേണ്ടതെന്നും അതാണ് കാടിന്റെ അഭിവൃദ്ധിക്ക് നല്ലതെന്നുമാണ് മോങ്ങന്റെ പക്ഷം. ഇനി മുതൽ ഒരു പൂച്ചയും മ്യാവ്യൂ.. മ്യാവൂ എന്ന് കരയാൻ പാടില്ല.



അങ്ങനെ കരയുന്നത് കൊണ്ടാണ് മാവോയിസ്റ്റ് ആണെന്ന് കരുതി അവറ്റകളെ ജയിലിലടക്കേണ്ടി വരുന്നത്.

എല്ലാ മൃഗങ്ങളും മ്പേ മ്പേ എന്ന് പശു ഒച്ചയുണ്ടാക്കുന്നതുപോലെ ഒച്ചയുണ്ടാക്കിയാൽ ഇങ്ങനെയുള്ള കൺഫ്യൂഷൻ ഒഴിവാക്കാമെന്നും മങ്കി പറഞ്ഞു.

പ്രധാന മങ്കിയുടെ ഇത്തരം പൊട്ടത്തരങ്ങൾക്കെതിരെ കൂട്ടായ പ്രക്ഷോഭം തന്നെ വേണ്ടി വരും എന്ന് ജംഗിൾ കോൺഗ്രസ് നേതാവ് ജിമ്പൻ ബൊഫല്ലോ പറഞ്ഞു.

## ഇനി ഫേസ്ബുക്കിനും ആധാർ




**ന്യൂമങ്കി:** ഫേസ്ബുക്കിൽ അക്കൗണ്ട് തുടങ്ങാനും ഇനി ആധാർ വേണ്ടി വരും. പലരും ഫേസ്ബുക്കിൽ ഫേക്ക് ഐഡിയിലൂടെ വന്ന് പ്രധാനമങ്കിയെ ചീത്ത വിളിക്കുന്നത് തടയാനാണ് പുതിയ നീക്കം. തല തിരിഞ്ഞ പ്രധാന മങ്കിയുടെ പരിഷ്കരണങ്ങളെ തെളിവ് നിരത്തി സോഷ്യൽ മീഡിയയിലൂടെ മൃഗങ്ങൾ പൊളിച്ചടക്കിയിരുന്നു. അതില്ലാതിരിക്കാനാണ് പുതിയ നീക്കം. ആധാറുമായി ലിങ്ക് ചെയ്തതിന് ശേഷം തന്നെ വിമർശിക്കുന്നവരെ തെരഞ്ഞു പിടിച്ച് റേഷൻ കടയിൽ നിന്ന് പേരു വെട്ടാനുള്ള ശ്രമങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്.

## ജംഗിൾ ഗെയിംസ് ഡിസംബറിൽ

**ന്യൂ ജംഗ്ൾ:** 2019 ലെ ജംഗിൾ ഗെയിംസ് ഡിസംബറിൽ നടക്കും. മുപ്പതോളം കാടുകൾ തമ്മിലാണ് മാറ്റുരക്കുക. കഴിഞ്ഞ തവണ കപ്പെടുത്ത പങ്കിലക്കാടിനെ ഏത് വിധേനയും തോൽപ്പിക്കണം എന്നും മനസ്സിലുറപ്പിച്ചാണ് ഇളനീർകാടിന്റെ പരിശീലനം. വെറും പത്ത് പോയന്റിനാണ് ഇളനീർകാടിന് ഒന്നാം സ്ഥാനം നഷ്ടമായത്. കഴിഞ്ഞ തവണ ഫുട്ബോളിലേറ്റ അപ്രതീക്ഷിത തോൽവിയാണ് ഇളനീർ കാടിനെ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളിയത്. പക്രു കഴുതയുടെ സെൽഫ് ഗോളാണ് മൽസരത്തിൽ ഇളനീർ കാടിനെ ചതിച്ചത്. മൽസരത്തിന് ശേഷം എല്ലാവരും കുറ്റപ്പെടുത്തിയതിവ ൽ മനം നൊന്ത് ഇളനീർകാട്ടിലെ താമസം പക്രു മതിയാക്കിയിരുന്നു. ഇത്തവണ പങ്കിലക്കാട്ടിലെ ടീമിലാണ് പക്രു. അതാണ് ഞങ്ങൾക്കുള്ള ആശ്വാസം എന്ന് ഇളനീർകാട് ടീം മാനേജർ കമ്മൻ കുറുക്കൻ പറഞ്ഞു.



## റോഡ് കം തോട് ഇതാണോ സർക്കാർ പദ്ധതി?



**കാക്കക്കൂട്:** കാട്ടിലാകെ തകർന്ന് കിടക്കുന്ന റോഡുകൾ കണ്ട് സഹിക്കവെയ്യാതെ പൊട്ടിത്തെറിച്ച് പ്രതിപക്ഷ നേതാവ് ചെമ്പൻ കരടി. തോടിനും റോഡിനും കൂടി വെവ്വേറെ സ്ഥലം വേണ്ടല്ലോ എന്ന് കരുതിയാണോ സർക്കാർ ഇങ്ങനെ ചെയ്യുന്നത് എന്ന് അദ്ദേഹം ചോദിച്ചു. റോഡിലൂടെ വണ്ടിയോടിക്കാൻ വയ്യാത്തതു കൊണ്ട് ഇപ്പോൾ റോഡിലെ കുഴികളിൽ മീൻ വളർത്തുകയാണ് പലരും എന്ന് അദ്ദേഹം പറഞ്ഞു. നാടിന്റെ കാതലായ പ്രശ്നങ്ങൾ പരിഹരിക്കാനല്ല, പകരം പണക്കാരന്റെ ഫ്ളാറ്റ് വിവാദത്തിൽ സർവകക്ഷിയോഗം വിളിക്കാനാണ് മുഖ്യമന്ത്രിക്ക് താൽപര്യം. കഴിഞ്ഞ ഓണത്തിന് നാടുകാണാൻ വന്ന മാവേലി റോഡിലെ ഗട്ടറിൽ വീണ് തിരികെ പാതാളത്തിലേക്ക് തന്നെയെത്തിയ കാര്യം കൂടി നിങ്ങളറിയണം എന്നും ചെമ്പൻ പറഞ്ഞു. എല്ലാം ശരിയാക്കാം എന്ന് പറഞ്ഞ് അധികാരത്തിലെത്തിയവർക്ക് ഒരു റോഡ് പോലും ശരിയാക്കാൻ കഴിയുന്നില്ല എന്നത് കഷ്ടമാണ് എന്നും ചെമ്പൻ പറഞ്ഞു.